KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ : 3050/Plg തിയ്യതി : 27.02.2025

# നോട്ടീസ്

വിഷയം : ഇടപാടുകാർ ശാഖയിൽ നടത്തുന്ന പണമിടപാടുകളിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.

സൂചന : 1. സർക്കുലർ 43/2024(FA) തിയ്യതി 26.10.2024
2. സർക്കുലർ 43/2024(FA) അനുബന്ധം തിയ്യതി 22.11.2024

** ** **

ശാഖകളിൽ പണമിടപാട് നടത്തുമ്പോഴും ബാങ്കിംഗ് സ്വഭാവമുള്ള മറ്റ് ഇടപാടുകൾ നടത്തുമ്പോഴും കൂടുതൽ ജാഗ്രത പുലർത്തുന്നത് സംബന്ധിച്ച് സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, അടുത്തിടയായി ഇടപാടുകാർ ശാഖയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൃത്യമായ അനുമതികൾ വാങ്ങാതെ NEFT/RTGS വഴി പണം അടയ്ക്കുന്നത് വ്യാപകമായി വർദ്ധിക്കുന്നുണ്ട്. ഇതുമൂലം ശാഖകൾക്ക് ഉയർന്ന ജോലിഭാരവും, തിരിച്ചറിയാൻ കഴിയാത്ത തുക ജനറൽ സസ്പെൻസിൽ സൂക്ഷിക്കേണ്ട സാഹചര്യവും നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി ശാഖയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്ന കാര്യത്തിൽ 28.02.2025 ന് ശേഷം നിയന്ത്രണം കൊണ്ടുവരുമെന്ന് അറിയിച്ചിരുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇടപാടുകാർക്ക് ഉണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ് .

1. ഗോൾഡ് ലോൺ ഉൾപ്പെടെയുള്ള വായ്പകൾ അടച്ച് തീർക്കുന്നതിനാവശ്യമായ തുക (Closing Amount), സ്ഥിര നിക്ഷേപത്തിനായി മാറ്റുന്ന തുക, ചിട്ടി സബ്സ്റ്റിറ്റ്യൂഷൻ തുക എന്നിവ ശാഖയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് NEFT/RTGS വഴി transfer ചെയ്താൽ നിലവിലുള്ള രീതിയിൽ GT വഴി അതാത് വ്യക്തികളുടെ കെ.എസ്.എഫ്.ഇ. സ്കീമുകളിലേയ്ക്ക് മുൻകൂർ അനുമതി പ്രകാരം (മാതൃക ഇതോടൊപ്പം നൽകുന്നു) മാറ്റി നൽകാവുന്നതാണ്. കൂടാതെ സാലറി റിക്കവറി തുക, Financial Securities മായി ബന്ധപ്പെട്ട തുക എന്നിങ്ങനെയുള്ള തുകകൾ GT വഴി ശാഖയ്ക്ക് മാറ്റി നൽകാവുന്നതാണ്. ഈ മേഖലകളിലെ ഇടപാടുകളിലുള്ള പുതിയ ഡിജിറ്റൈസേഷൻ നടപടികൾ സമീപ ഭാവിയിൽ നടപ്പാക്കുന്നതാണ്.

2. ഇടപാടുകാർ ഏതെങ്കിലും സാഹചര്യങ്ങളിൽ മാസംതോറുമുള്ള ചിട്ടി/വായ്പാ തവണസംഖ്യ, കുടിശ്ശിക തുക എന്നിവ ശാഖയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് NEFT/RTGS വഴി transfer ചെയ്താൽ, ശാഖ അതാത് വ്യക്തികൾക്ക് GT വഴി അക്കൗണ്ട് ചെയ്യുകയും ഇത്തരത്തിലുള്ള അക്കൗണ്ടുകളുടെ വിവരങ്ങൾ 01.03.2025 മുതൽ മേഖലാ ഓഫീസിലെ അക്കൗണ്ട്സ് വിഭാഗത്തിലേയ്ക്ക് അയച്ച് അനുമതി വാങ്ങേണ്ടതുമാണ്. തുടർന്ന് ഇത്തരത്തിൽ മാസംതോറുമുള്ള ട്രാൻസ്ഫർ ഒഴിവാക്കുന്നതിന് മേഖലാ ഓഫീസിന്റെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

3. **മൊബൈൽ ആപ്പ്/ പോർട്ടൽ വഴി സുഗമയിലേയ്ക്ക് പണമടയ്ക്കുന്നതിനും, അക്കൗണ്ട് വിവരങ്ങൾ പരിശോധിക്കുന്നതിനും ഉള്ള സൗകര്യം ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്.** ശാഖകൾ ഈ സൗകര്യം ഉപയോഗപ്പെടുത്തി പരമാവധി ഇടപാടുകാരെ സുഗമ അക്കൗണ്ടുകളിലൂടെ ചിട്ടി / വായ്പ തവണ സംഖ്യ അടയ്ക്കുവാൻ പ്രേരിപ്പിക്കേണ്ടതാണ്. സുഗമ അക്കൗണ്ടുകളിൽ നിന്നും അക്കൗണ്ട് ഉടമയുടെ രേഖാമൂലമുള്ള സമ്മതപ്രകാരം (സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ) അവർ നിർദ്ദേശിക്കുന്ന മറ്റു വ്യക്തികളുടെ (സുഗമ ഒഴികെയുള്ള) കെ.എസ്.എഫ്.ഇ. സ്കീമുകളിലേയ്ക്ക് തവണത്തുകകൾ മാറ്റി നൽകാവുന്നതാണ്. ഇതിനായുള്ള സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ ഫോറത്തിന്റെ പരിഷ്കരിച്ച മാതൃക ഇതോടൊപ്പം നൽകുന്നു.

4. ഇടപാടുകാരുടെ KYC പൂർണ്ണമാക്കുന്നതിൽ ശാഖകൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

5. പവർ ആപ്പ് / പോർട്ടൽ ഉപയോഗം കൂടുതൽ സൗകര്യപ്രദവും, ജനകീയവും ആക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന സംവിധാനങ്ങൾ ഉടൻ നിലവിൽ വരുന്നതാണ്.

    a) പവർ ആപ്പ് / പോർട്ടൽ എന്നിവയിൽ Login ചെയ്യാതെ തന്നെ Quick Pay വഴി പണം അടയ്ക്കുന്നതിനുള്ള സൗകര്യം.

    b) SMS അറിയിപ്പുകളോടൊപ്പം ലഭ്യമാക്കുന്ന Link വഴി പണം അടയ്ക്കുന്നതിനുള്ള സൗകര്യം.

മുകളിൽ വിവരിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഫണ്ട് ട്രാൻസ്ഫറുകളുമായി ബന്ധപ്പെട്ട ഇടപാടുകാരുടെ ആശങ്കകൾ പരിഹരിച്ചു കൊണ്ട് ഇത്തരം ഇടപാടുകൾ കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

*വിശ്വസ്തതയോടെ*
*കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി*

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

## അനുമതി പത്രം

എന്റെ പേരിലുള്ള ---------------------------------ബാങ്കിലെ--------------------------------ശാഖയിലെ --------------------------- A/c ൽ നിന്നും ----------------രൂപ താങ്കളുടെ ശാഖാ ബാങ്ക് അക്കൗണ്ടിലേയ്ക്ക് RTGS/ NEFT ചെയ്യുന്നതിനും, പ്രസ്തുത തുക എന്റെ പേരിൽ താങ്കളുടെ ശാഖയിലുള്ള --------------------നമ്പർ സുഗമ /ചിട്ടി / വായ്പ / സ്ഥിര നിക്ഷേപം അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുമുള്ള അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

സ്ഥലം : | പേര് :
--- | ---
തീയതി : | ഒപ്പ് :

## അനുമതി പത്രം

എന്റെ പേരിലുള്ള ---------------------------------ബാങ്കിലെ--------------------------------ശാഖയിലെ --------------------------- A/c ൽ നിന്നും ----------------രൂപ താങ്കളുടെ ശാഖാ ബാങ്ക് അക്കൗണ്ടിലേയ്ക്ക് RTGS/ NEFT ചെയ്യുന്നതിനും, പ്രസ്തുത തുക എന്റെ പേരിൽ താങ്കളുടെ ശാഖയിലുള്ള --------------------നമ്പർ സുഗമ /ചിട്ടി / വായ്പ / സ്ഥിര നിക്ഷേപം അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുമുള്ള അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

സ്ഥലം : | പേര് :
--- | ---
തീയതി : | ഒപ്പ് :

# STANDING INSTRUCTION

From

-----------------------------------

-----------------------------------

Mob No. ---------------------------

E Mail : ---------------------------

To

ബ്രാഞ്ച് മാനേജർ

കെ.എസ്.എഫ്.ഇ -------------------------------- ശാഖ

സർ,

വിഷയം : എന്റെ / ഞങ്ങളുടെ പേരിലുള്ള സുഗമ / സുഗമ അക്ഷയ ഓവർ ഡ്രാഫ്റ്റ് അക്കൗണ്ട് നമ്പർ ----------------------ൽ നിന്നും ചിട്ടി/ വായ്പാ തവണസംഖ്യ മാറ്റി അടയ്ക്കുന്നത് സംബന്ധിച്ച്.

താഴെപ്പറയുന്ന ചിട്ടി / വായ്പാ അക്കൗണ്ടുകളിലേയ്ക്ക് 20-------, -----------------മാസത്തെ / മാസം മുതലുള്ള തവണ സംഖ്യ യഥാസമയം മാറ്റി അടയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

| ക്രമ നമ്പർ | ചിട്ടി ചിറ്റാൾ / വായ്പാ A/c നമ്പർ | പേര് | തവണ സംഖ്യ | തവണ തീയ്യതി (Due Date) |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |

- മേൽ പറഞ്ഞ വ്യക്തികളുടെ അക്കൗണ്ടുകളിലേയ്ക്ക് തവണത്തുക മാറ്റുന്നത് എന്റെ പൂർണ്ണ സമ്മതത്തിലും അറിവിലുമാണ്.
- തവണ സംഖ്യ മാറ്റുന്നതിനാവശ്യമായ തുക, എന്റെ സുഗമ/സുഗമ അക്ഷയ ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടിൽ തവണ തീയതിയ്ക്ക് ഒരു ദിവസം മുൻപ് എങ്കിലും ഞാൻ നേരിട്ടോ / പവർ ആപ്പ് മുഖേനയോ നിക്ഷേപിക്കുന്നതാണ്.
- അക്കൗണ്ടിൽ മിനിമം ബാലൻസ് ഇല്ലാത്തതിനാൽ തവണ തുക മാറാതെ വരികയാണെങ്കിൽ, വീതപ്പലിശ നഷ്ടമാകുന്നതുൾപ്പെടെയുള്ള ഒരു നഷ്ടങ്ങൾക്കും കെ.എസ്.എഫ്.ഇ. ഉത്തരവാദിയായിരിക്കുന്നതല്ല.

വിശ്വസ്തതയോടെ

സ്ഥലം :      പേര് :

തീയതി :      ഒപ്പ് :